സൂറഃ-9

# അത്തൗബ

**36.** വാനലോകവും ഭൂലോകവും പടച്ച നാൾതൊട്ട് അല്ലാഹുവിന്റെ രേഖയിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അതിൽ നാലെണ്ണം ആദരണീയ മാസങ്ങൾ. ഇതാകുന്നു ശരിയായ വ്യവസ്ഥ. ആകയാൽ ആദരണീയ മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് അതിക്രമം ചെയ്യരുത്. എന്നാൽ വിഗ്രഹാരാധകർ എപ്രകാരം ഒറ്റക്കെട്ടായി നിങ്ങളോട് പോരാടുന്നുവോ അതേ പ്രകാരം ഒറ്റക്കെട്ടായി നിങ്ങൾ അവരോടും പോരാടിക്കൊള്ളുക. അറിഞ്ഞിരിക്കുവിൻ; അല്ലാഹു ധർമനിഷ്ഠരുടെ കൂടെ തന്നെയാകുന്നു.

إِنَّ عِدَّةَ ٱلشُّهُورِ عِندَ ٱللَّهِ ٱثْنَا عَشَرَ شَهْرًا فِى كِتَٰبِ ٱللَّهِ يَوْمَ خَلَقَ
ٱلسَّمَٰوَٰتِ وَٱلْأَرْضَ مِنْهَآ أَرْبَعَةٌ حُرُمٌ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ ۚ فَلَا تَظْلِمُوا۟ فِيهِنَّ
أَنفُسَكُمْ ۚ وَقَٰتِلُوا۟ ٱلْمُشْرِكِينَ كَآفَّةً كَمَا يُقَٰتِلُونَكُمْ كَآفَّةً ۚ وَٱعْلَمُوٓا۟ أَنَّ ٱللَّهَ
مَعَ ٱلْمُتَّقِينَ ﴿٣٦﴾

**37.** 'നസീഅ്' ധർമനിഷേധത്തിലൊരു പോഷണം മാത്രമാകുന്നു. സത്യനിഷേധികൾ അതിലൂടെ കൂടുതൽ വഴിതെറ്റിക്കപ്പെടുന്നു. ഒരാണ്ടിൽ യുദ്ധം അനുവദിച്ച മാസത്തെ അവർ മറ്റൊരാണ്ടിൽ യുദ്ധം നിഷിദ്ധമായ മാസമാക്കുന്നു. അല്ലാഹു യുദ്ധം വിരോധിച്ച മാസങ്ങളുടെ എണ്ണവുമായി യോജിക്കാനാണിത്. അല്ലാഹു നിഷിദ്ധമാക്കിയത് അനുവദനീയമാക്കുകയാണതു വഴി അവർ ചെയ്യുന്നത്. ഇത്തരം ദുഷ്ചെയ്തികൾ അവർക്ക് ഭൂഷണമാകുന്നു. ധർമനിഷേധികളായ ജനത്തിന് അല്ലാഹു മാർഗദർശനമരുളുന്നില്ല.

إِنَّمَا ٱلنَّسِىٓءُ زِيَادَةٌ فِى ٱلْكُفْرِ ۖ يُضَلُّ بِهِ ٱلَّذِينَ
كَفَرُوا۟ يُحِلُّونَهُۥ عَامًا وَيُحَرِّمُونَهُۥ عَامًا لِّيُوَاطِـُٔوا۟ عِدَّةَ مَا حَرَّمَ
ٱللَّهُ فَيُحِلُّوا۟ مَا حَرَّمَ ٱللَّهُ ۚ زُيِّنَ لَهُمْ سُوٓءُ أَعْمَٰلِهِمْ ۗ وَٱللَّهُ لَا
يَهْدِى ٱلْقَوْمَ ٱلْكَٰفِرِينَ ﴿٣٧﴾

إِنَّ عِدَّةَ ٱلشُّهُورِ = തീർച്ചയായും മാസങ്ങളുടെ എണ്ണം   عِندَ ٱللَّهِ = അല്ലാഹുവിങ്കൽ   ٱثْنَا عَشَرَ = പന്ത്രണ്ടാകുന്നു   شَهْرًا = മാസത്താൽ

فِى كِتَٰبِ ٱللَّهِ = അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ, രേഖയിൽ   يَوْمَ خَلَقَ = പടച്ച നാൾ (തൊട്ടേ)

ٱلسَّمَٰوَٰتِ وَٱلْأَرْضَ = വാനലോകവും ഭൂലോകവും   مِنْهَآ = അതിൽനിന്ന്   أَرْبَعَةٌ = നാലെണ്ണം

حُرُمٌ = (യുദ്ധം നിഷിദ്ധമായ) ആദരണീയ(മാസ)ങ്ങളാകുന്നു   ذَٰلِكَ = ഇതാകുന്നു   ٱلدِّينُ = നിയമക്രമം, വ്യവസ്ഥ

ٱلْقَيِّمُ = ശരിയായ   فَلَا تَظْلِمُوا۟ = നിങ്ങൾ അതിക്രമം ചെയ്യരുത്

فِيهِنَّ = അവയിൽ(ആദരണീയ മാസങ്ങളിൽ)   أَنفُسَكُمْ = നിങ്ങളോട് (തന്നെ)   وَقَٰتِلُوا۟ = (എന്നാൽ) നിങ്ങൾ പോരാടിക്കൊള്ളുവിൻ

ٱلْمُشْرِكِينَ = വിഗ്രഹാരാധകരോട്   كَآفَّةً = ഒറ്റക്കെട്ടായി

كَمَا يُقَٰتِلُونَكُمْ = (അവർ എപ്രകാരം നിങ്ങളോട് പോരാടുന്നുവോ അതേ പ്രകാരം) അവർ നിങ്ങളോട് യുദ്ധം ചെയ്യുന്നതു പോലെ

كَآفَّةً = ഒറ്റക്കെട്ടായി   وَٱعْلَمُوٓا۟ = അറിഞ്ഞിരിക്കുവിൻ   أَنَّ ٱللَّهَ = നിശ്ചയം അല്ലാഹു

مَعَ ٱلْمُتَّقِينَ = ഭക്തന്മാരുടെ, ധർമനിഷ്ഠയുള്ളവരുടെ കൂടെ(തന്നെ)യാകുന്നു   إِنَّمَا ٱلنَّسِىٓءُ = തീർച്ചയായും നസീഅ്

زِيَادَةٌ = ഒരു വർധന, പോഷണം മാത്രമാകുന്നു   فِى ٱلْكُفْرِ = ധർമനിഷേധത്തിൽ

يُضَلُّ بِهِ = അതിലൂടെ (കൂടുതൽ) വഴി തെറ്റിക്കപ്പെടുന്നു ٱلَّذِينَ كَفَرُوا۟ = സത്യനിഷേധികൾ
يُحِلُّونَهُۥ = അതിനെ അവർ അനുവദനീയമാക്കുന്നു (യുദ്ധം അനുവദിച്ച മാസത്തെ) عَامًا = ഒരാണ്ടിൽ
وَيُحَرِّمُونَهُۥ = അതിനെ അവർ നിഷിദ്ധമാക്കുന്നു (യുദ്ധം നിഷിദ്ധമായ മാസമാക്കുന്നു) عَامًا = (മറ്റൊരു) ആണ്ടിൽ
لِّيُوَاطِـُٔوا۟ = അവർ യോജിക്കാൻ عِدَّةَ = എണ്ണവുമായി مَا حَرَّمَ ٱللَّهُ = അല്ലാഹു നിഷിദ്ധമാക്കിയ (യുദ്ധം വിരോധിച്ച മാസങ്ങളുടെ)
فَيُحِلُّوا۟ = (അതുവഴി അവർ ചെയ്യുന്നത്) അവർ അനുവദനീയമാക്കുകയാണ് مَا حَرَّمَ ٱللَّهُ = അല്ലാഹു നിഷിദ്ധമാക്കിയത്
زُيِّنَ = അലങ്കാരമാക്കപ്പെട്ടു (ഭൂഷണമാകുന്നു) لَهُمْ = അവർക്ക് سُوٓءُ أَعْمَٰلِهِمْ = അവരുടെ (ഇത്തരം) ദുഷ്ചെയ്തികൾ
وَٱللَّهُ لَا يَهْدِى = അല്ലാഹു മാർഗദർശനമരുളുന്നില്ല ٱلْقَوْمَ ٱلْكَٰفِرِينَ = (ധർമ)നിഷേധികളായ ജനത്തിന്

**36:** ഇസ്‌ലാമിനെ തകർക്കാൻ അക്രമമാർഗങ്ങൾ അവലംബിക്കുന്ന വിഗ്രഹാരാധകരോടും വേദക്കാരോടും പോരാടാൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ യുദ്ധം നിഷിദ്ധമായ മാസങ്ങളുടെ പവിത്രത കണിശമായി പാലിക്കണമെന്ന് വീണ്ടും ഓർമിപ്പിക്കുകയാണ് ഈ സൂക്തവും അടുത്ത സൂക്തവും. ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഹർറം, റജബ് എന്നീ നാലു മാസങ്ങളാണ് സംഘട്ടനം ഒഴിവാക്കേണ്ട മാസങ്ങൾ. സാങ്കേതികമായി ഇവയെ അശ്ഹുറുൽ ഹുറൂം എന്നു പറയുന്നു. ശഹ്റുൽ ഹറാം എന്നാണ് ഏക വചനം. പവിത്രമായ മാസമെന്നും നിരോധിത മാസം എന്നും അതിനർഥമുണ്ട്. രണ്ടർഥവും ഉദ്ദേശ്യമാകുന്നു. ഹജ്ജ്, ഉംറ എന്നീ ആരാധനകൾക്കുവേണ്ടി നിശ്ചയിക്കപ്പെട്ട പാവനമായ കാലമാണത്. അതിനാൽ അതിൽ ഹിംസാ പ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നു. മസ്ജിദുൽ ഹറാം എന്ന വാക്കിനും ഈ രണ്ടർഥങ്ങളുമുണ്ട്.

സായുധ നടപടികളിലേർപ്പെടേണ്ടത് അശ്ഹുറുൽ ഹുറൂം കഴിഞ്ഞ ശേഷമാണെന്ന് ഈ സൂറയുടെ 5-ാം സൂക്തത്തിൽ നേരത്തെ അനുസ്മരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ വിഗ്രഹാരാധകർ അവലംബിക്കുന്ന കുതന്ത്രങ്ങളൊന്നും മുസ്‌ലിംകൾ അവലംബിച്ചുകൂടാ എന്ന് പ്രത്യേകം എടുത്തുപറയുകയാണിവിടെ. അറബികൾ രണ്ടു തരത്തിൽ ആദരണീയമാസങ്ങളിൽ കൈകടത്താറുണ്ടായിരുന്നു. 1) നേരത്തേ ആരംഭിച്ച യുദ്ധം ആദരണീയ മാസങ്ങളിലും തുടരണമെന്ന് തോന്നുമ്പോഴും, ശത്രുക്കളോടുള്ള പ്രതികാരദാഹംമൂത്ത് യുദ്ധം നിരോധിച്ച മാസങ്ങളുടെ ആദരണീയത പരിഗണിക്കാതെ അവരോട് യുദ്ധം ചെയ്യണമെന്ന് തീരുമാനിക്കുമ്പോഴും, യുദ്ധം നിരോധിക്കപ്പെട്ട മാസത്തെ യുദ്ധം അനുവദിച്ച മാസമാക്കുകയും പകരം യുദ്ധം അനുവദനീയമായ ഏതെങ്കിലും മാസത്തെ യുദ്ധം നിഷിദ്ധമായ മാസമാക്കുകയും ചെയ്യുക. ഉദാഹരണമായി ദുൽഹജ്ജിലോ മുഹർറത്തിലോ യുദ്ധം ചെയ്യുകയാണെങ്കിൽ അതിനെ അനുവദനീയ മാസമായി കണക്കാക്കി പകരം സ്വഫർ മാസത്തെ ശഹ്റുൽ ഹറാമായി കണക്കാക്കുക. ഇങ്ങനെ പാവന മാസങ്ങളുടെ എണ്ണം നാലായിത്തന്നെ നിലനിർത്തുകയായിരുന്നു അവർ. 2) കാലാന്തരത്തിൽ ഹജ്ജിന്റെ ആത്മീയ താൽപര്യത്തെക്കാൾ മുൻഗണന കച്ചവട താൽപര്യത്തിനു ലഭിച്ചിരുന്നു. കച്ചവട താൽപര്യം സംരക്ഷിക്കാൻ ഹജ്ജ് എന്നും സുഗമമായി വ്യാപാര പ്രവർത്തനം നടത്താൻ പറ്റിയ ഒരേ സീസണിൽ വരേണ്ടതുണ്ടായിരുന്നു. ചാന്ദ്രവർഷത്തെ സൗരവർഷത്തിനു സമാനമാക്കുകയാണ് അതിനു കണ്ടെത്തിയ മാർഗം. ചാന്ദ്രവർഷമനുസരിച്ച് ഹജ്ജ് എല്ലാ ഋതുക്കളിലും മാറിമാറി വന്നുകൊണ്ടിരിക്കും. സൗരവർഷമനുസരിച്ച് ഓരോ മാസവും അതിന്റെ ഋതുവിലേ വരൂ. ചാന്ദ്രവർഷവും സൗരവർഷവും സമാനമാക്കിയാൽ ഹജ്ജ് മാസം എന്നും ഒരേ സീസണിൽതന്നെ വരും. അതിനായി ചാന്ദ്രവർഷത്തിൽ മൂന്നോ നാലോ കൊല്ലം കൂടുമ്പോൾ ഒരു മാസം വർധിപ്പിക്കുകയായിരുന്നു അവരുടെ രീതി. കബീസ എന്നായിരുന്നു അതറിയപ്പെട്ടിരുന്നത്. ഇതുപ്രകാരം മുപ്പത്തിനാലു വർഷം കൂടുമ്പോൾ മാത്രമേ ഹജ്ജിന്റെ യഥാർഥ തീയതിയായ ദുൽഹജ്ജ് എട്ട് മുതലുള്ള തീയതികളിൽ നടന്നിരുന്നുള്ളൂ. ഹജ്ജ് അതിന്റെ യഥാർഥ തീയതികളിൽ നടന്ന വർഷമായിരുന്നു പ്രവാചകന്റെ അവസാന ഹജ്ജ്-ഹജ്ജത്തുൽ വിദാഅ്. അന്ന് പ്രവാചകൻ നടത്തിയ പ്രസിദ്ധമായ പ്രഭാഷണത്തിൽ അക്കാര്യം ഇങ്ങനെ വ്യക്തമാക്കുകയുണ്ടായി: "ഈ വർഷം കാലം കറങ്ങിത്തിരിഞ്ഞ് ഹജ്ജുകാലം അല്ലാഹു ആകാശഭൂമികൾ സൃഷ്ടിച്ച നാളിൽ നിശ്ചയിച്ച യഥാർഥ കാലഗണനയിൽ തന്നെ വന്നു ചേർന്നിരിക്കുന്നു." രണ്ടു തരത്തിലുള്ള കാലം തെറ്റിക്കലും നിരോധിക്കപ്പെട്ടതിനാൽ അന്നു മുതൽ ഹജ്ജ് ശരിയായ തീയതികളിൽ തന്നെ നടന്നുവരുന്നു.

കച്ചവടം, കൃഷി തുടങ്ങിയ വ്യവഹാരങ്ങളിൽ സൗരവർഷ പ്രകാരമുള്ള കാലഗണനയാണ് ഏറെ സൗകര്യപ്രദം. പക്ഷേ, കൃത്യതയും കണിശതയും ചാന്ദ്ര വർഷഗണനക്കാണ്. ദീനീ വിഷയങ്ങളിൽ സൂര്യ ചലനമനുസരിച്ചുള്ള കാലഗണനയെ അപേക്ഷിച്ച് ചന്ദ്ര ചലനത്തെ ആധാരമാക്കിയുള്ള കാലഗണനക്കുള്ള പ്രാധാന്യവും പ്രസക്തിയും *ഖുർആൻബോധനം* സൂറ *അൽബഖറ* 189-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്.

إِنَّ عِدَّةَ ٱلشُّهُورِ عِندَ ٱللَّهِ ٱثْنَا عَشَرَ شَهْرًا فِى كِتَٰبِ ٱللَّهِ يَوْمَ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ مِنْهَآ أَرْبَعَةٌ حُرُمٌ

(വാനലോകവും ഭൂലോകവും പടച്ച നാൾതൊട്ടേ അല്ലാഹുവിന്റെ രേഖയിൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അതിൽ നാലെണ്ണം ആദരണീയ മാസങ്ങൾ) എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത് പ്രകൃതി വ്യവസ്ഥയെയാണ്. അതായത്, അല്ലാഹു ആകാശഗോളങ്ങളും ഭൂമിയും സൃഷ്ടിച്ചപ്പോൾ അവയുടെ ഭ്രമണവേഗവും ഗ്രഹങ്ങൾ തമ്മിലുള്ള അകലവുമെല്ലാം സംവിധാനിച്ചിരിക്കുന്നത് ഭൂമിയിൽ വർഷാന്തം പന്ത്രണ്ടു മാസങ്ങൾ വരത്തക്കവിധത്തിൽ അഥവാ വർഷാന്തം പന്ത്രണ്ടു വട്ടം ചന്ദ്രന് വൃദ്ധിക്ഷയം സംഭവിക്കുന്ന വിധത്തിലാണ്. فِى كِتَٰبِ ٱللَّهِ (അല്ലാഹുവിന്റെ രേഖയിൽ, ഗ്രന്ഥത്തിൽ) എന്നതുകൊണ്ടുദ്ദേശ്യം, അവനത് ഒരു പുസ്തകത്തിൽ അല്ലെങ്കിൽ ലൗഹുൽ മഹ്ഫൂളിൽ (സുരക്ഷിത ഫലകം) രേഖപ്പെടുത്തി വെച്ചിരിക്കുന്നു എന്നാവാം; അവന്റെ അലംഘനീയമായ ക്രമീകരണമാണത് എന്നുമാവാം. സൂറ *യൂനുസ്* 5-ാം സൂക്തത്തിൽ ഇപ്രകാരം പറയുന്നുണ്ട്: وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ (ചന്ദ്രനെ ശോഭായമാനമാക്കുകയും അതിന് മണ്ഡലങ്ങൾ കണ

ക്കാക്കുകയും ചെയ്തു- നിങ്ങൾ വർഷങ്ങളുടെ എണ്ണവും കണക്കുമറിയാൻ). ചാന്ദ്രമാസവും വർഷവും മനസ്സിലാക്കാൻ ഏതു പാമരനും സാധിക്കും. ചക്രവാളത്തിൽ ഓരോ മാസപ്പിറവിയും പ്രത്യക്ഷപ്പെടുന്നു. ഏതു സാധാരണക്കാരനും വൃദ്ധിക്ഷയവും സ്ഥാനവും നോക്കി തീയതി മനസ്സിലാക്കാം. ഈ പന്ത്രണ്ടു മാസങ്ങളിൽ നാലു മാസങ്ങൾ ആദരണീയങ്ങളാണെന്നും അവ ഇന്നതൊക്കെയാണെന്നും അല്ലാഹു തന്നെ നിശ്ചയിച്ചിട്ടുള്ളതാണ്, അഥവാ പ്രകൃതി നിയമമാണ്.

ذَٰلِكَ ٱلدِّينُ ٱلْقَيِّمُ (ഇതാണ് ശരിയായ വ്യവസ്ഥ). അതിൽ മാസങ്ങൾ കൂട്ടിച്ചേർക്കുകയോ കുറക്കുകയോ പകരം വെക്കുകയോ ചെയ്യുന്നത് ദൈവികവ്യവസ്ഥയിൽ കൃത്രിമം നടത്തി അതിനെ വികലമാക്കലാണ്. പ്രകൃതി മതം, ശരിയായ ധർമവ്യവസ്ഥ എന്ന അർഥത്തിലും ഖുർആൻ ٱلدِّينُ ٱلْقَيِّمُ എന്ന് ഉപയോഗിച്ചിട്ടുണ്ട്. ഇസ്‌ലാം എപ്രകാരം പ്രകൃതി വ്യവസ്ഥയാണോ അപ്രകാരം പ്രകൃതിപരമായ കാലഗണനയാണിത് എന്നാണ് ഇവിടെ ഈ വാക്കുപയോഗിച്ചതിന്റെ ധ്വനി. മനുഷ്യന്റെ ചുറ്റുപാടും അവന്റെ ശരീരം തന്നെയും ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ സാക്ഷ്യപ്പെടുത്തുന്നതുപോലെ ചന്ദ്രചലനം ഈ കാലഗണനയുടെ യാഥാർഥ്യത്തെയും സാക്ഷ്യപ്പെടുത്തുന്നു. കൃഷിയിലും കച്ചവടത്തിലുമൊക്കെ ഋതുഭേദങ്ങൾ എത്രത്തോളം പരിഗണനീയമാണോ അതിലേറെ പരിഗണനീയമാണ് ദീനീ കാര്യങ്ങൾക്ക് അതിന്റെ സമയവും ദിവസവും വർഷവുമെല്ലാം. അസമയത്തുള്ള വിതയും കൊയ്ത്തും നിഷ്ഫലമാകുന്നതുപോലെ തന്നെ അസമയത്ത് നമസ്കാരവും നോമ്പും ഹജ്ജുമൊക്കെ നിഷ്ഫലമാകുന്നു. ഈ സമയക്രമം ദീനിന്റെ ഭാഗം തന്നെയാകുന്നു. അതിൽ ഭേദഗതി വരുത്തുന്നത് ദീനിൽ ഭേദഗതിവരുത്തലുമാകുന്നു.

അതിനാൽ യുദ്ധ നിഷിദ്ധമാസങ്ങളുടെ പവിത്രതക്ക് നിരക്കാത്തതൊന്നും വിശ്വാസികൾ ചെയ്യാൻ പാടുള്ളതല്ല. فَلَا تَظْلِمُوا۟ فِيهِنَّ أَنفُسَكُمْ (അതിൽ നിങ്ങൾ നിങ്ങളോട് അതിക്രമം ചെയ്യരുത്) എന്നാണ് മൂലവാക്യം. അല്ലാഹു ഈ മാസങ്ങളെ പാവനങ്ങളായി നിശ്ചയിച്ചിരിക്കുന്നത് എല്ലാ ജനങ്ങളുടെയും ഗുണത്തിനു വേണ്ടിയാണ്. അതിന്റെ ലംഘനം എല്ലാവർക്കും ദോഷകരമായേ ഭവിക്കൂ. പവിത്രമാസങ്ങളിൽ നിങ്ങൾ ശത്രുക്കൾക്കെതിരെ ആക്രമണം അഴിച്ചുവിടുകയാണെങ്കിൽ അത് നിങ്ങൾക്കെതിരായിതന്നെയുള്ള ആക്രമണമായിത്തീരും. പവിത്രമാസങ്ങളെ യുദ്ധം അനുവദിച്ച മാസങ്ങളാക്കിയും പകരം യുദ്ധം അനുവദിച്ച മാസങ്ങളെ പവിത്രമാസങ്ങളാക്കിയും മാറ്റിമറിക്കുന്നതും പവിത്ര മാസങ്ങളിൽ നടത്തുന്ന അക്രമമാണ്.

وَقَٰتِلُوا۟ ٱلْمُشْرِكِينَ كَآفَّةً كَمَا يُقَٰتِلُونَكُمْ كَآفَّةً (വിഗ്രഹാരാധകർ എപ്രകാരം ഒറ്റക്കെട്ടായി നിങ്ങളോട് പോരാടുന്നുവോ അപ്രകാരം ഒറ്റക്കെട്ടായി നിങ്ങൾ അവരോടും പോരാടിക്കൊള്ളുക) എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: ആദരണീയ മാസങ്ങളിൽ സംഘട്ടനത്തിൽനിന്ന് മാറിനിൽക്കാൻ പരമാവധി ശ്രദ്ധിക്കണം. എന്നാൽ ആ മാസങ്ങളോടുള്ള വിശ്വാസികളുടെ പ്രതിബദ്ധതയെ ചൂഷണംചെയ്യാൻ ശത്രുക്കളെ അനുവദിക്കരുത്. ആദരണീയ മാസങ്ങളിൽ അവർ ഇങ്ങോട്ട് കടന്നാക്രമിക്കുകയാണെങ്കിൽ കർശനമായിത്തന്നെ തിരിച്ചടിക്കണം. ഇക്കാര്യം *അൽബഖറ* 194-ാം സൂക്തത്തിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ സൂക്തത്തിലെ പദപ്രയോഗം പ്രസ്തുത ആശയത്തിലുപരി ചില ധ്വനികൾ കൂടി ഉൾക്കൊള്ളുന്നതായി പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ദീനുൽ ഇസ്‌ലാമിനോട് പോരിനിറങ്ങുന്നവരുടെ വിരോധം പല തരത്തിലുള്ളതാവാം. അവർ പല തരക്കാരുമാവാം. ചില വിഭാഗങ്ങളുമായി നിങ്ങൾക്ക് സുഹൃദ് ബന്ധങ്ങളുണ്ടാകാം, സഖ്യബന്ധങ്ങളുണ്ടാവാം, ഗോത്രബന്ധങ്ങളുണ്ടാവാം, സാമ്പത്തിക ബന്ധങ്ങളുണ്ടാവാം. ഇസ്‌ലാമിനെതിരെ യുദ്ധത്തിനുവരുമ്പോൾ അവർ ഒരൊറ്റ കക്ഷിയാണ്. അതുപോലെ നിങ്ങൾ വിശ്വാസികളെല്ലാവരും ഒറ്റ കക്ഷിയാണ്. യുദ്ധരംഗത്ത് അങ്ങനെതന്നെ പ്രവർത്തിക്കണം. ആരോടും ഒരു ദാക്ഷിണ്യവും വേണ്ട.

വിവിധ ഗോത്രങ്ങളും ഉപഗോത്രങ്ങളും തമ്മിൽ ഉണ്ടാക്കിയിരുന്ന സഖ്യ സൗഹൃദങ്ങളെ ബലിഷ്ഠമായ ബന്ധങ്ങളായിട്ടാണ് അറബികൾ പലപ്പോഴും പരിഗണിച്ചിരുന്നത്. ഈ സൂറയുടെ ആരംഭത്തിൽ പ്രഖ്യാപിച്ച, വിഗ്രഹാരാധകരുമായുള്ള സഖ്യബന്ധങ്ങളിൽ നിന്നുള്ള മോചനം, ഇസ്‌ലാമിലേക്കു വന്നവർ ജാഹിലിയ്യാ കാലത്ത് ഉണ്ടാക്കിയിരുന്ന ഇത്തരം ബന്ധങ്ങളെ കൂടി ഉൾക്കൊള്ളുന്നതാണെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. വിശ്വാസികളും ശത്രുവിഭാഗങ്ങളിൽപെട്ടവരും തമ്മിൽ നേരത്തേ ഉണ്ടാക്കിയിരുന്ന കരാറുകളൊക്കെയും അവർ വിശ്വാസികൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചതോടെ ദുർബലപ്പെട്ടിരിക്കുന്നു. അതിനാൽ അതൊന്നും അവരെ ശക്തമായി തിരിച്ചടിക്കാൻ തടസ്സമാകരുത്.

സൂക്തത്തിലെ സമാപന വാക്യമായ 'അറിഞ്ഞിരിക്കുവിൻ അല്ലാഹു മുത്തഖികളുടെ കൂടെയാകുന്നു' എന്നതിലെ മുത്തഖി കൊണ്ടുദ്ദേശ്യം അല്ലാഹു അനുശാസിച്ച നിയമങ്ങളും ധർമങ്ങളും സൂക്ഷ്മതയോടെ അനുസരിക്കുന്നവർ എന്നാണ്. സൈനിക പ്രവർത്തനങ്ങളെ പരാമർശിക്കുമ്പോൾ അല്ലാഹു മുത്തഖികളുടെ കൂടെയാണ് എന്നുണർത്തുന്നതിനർഥം യുദ്ധം നിഷിദ്ധമായ മാസങ്ങൾ സംബന്ധിച്ച നിയമങ്ങൾ പോലുള്ള ദൈവിക നിയമങ്ങൾ മാനിക്കുന്നവർക്കേ അല്ലാഹുവിന്റെ സഹായം ഉണ്ടാകൂ, അവർ മാത്രമാണ് അല്ലാഹുവിനു വേണ്ടി പടപൊരുതുന്നവർ എന്നാകുന്നു.

**37:** പിന്തിച്ചു, നീട്ടിവെച്ചു, നിർത്തിവെച്ചു എന്നൊക്കെ അർഥമുള്ള نسأ എന്ന ക്രിയയിൽനിന്നുള്ളതാണ് نسيء. പിന്തിക്കൽ എന്ന അർഥത്തിൽ ക്രിയാനാമമായും, പിന്തിച്ചത് എന്ന അർഥത്തിൽ വിശേഷണമായും ഇത് ഉപയോഗിക്കും. ആദരണീയ മാസങ്ങളിൽ സംഘട്ടനത്തിലേർപ്പെടുന്നതിനുള്ള വിലക്ക് പിന്നീടുവരുന്ന മറ്റു മാസങ്ങളിലേക്ക് നീട്ടിവെക്കുന്ന സമ്പ്രദായം എന്ന അർഥത്തിലുള്ള സാങ്കേതിക പദമായിട്ടാണ് അറബികൾ نسيء ഉപയോഗിച്ചിരുന്നത്. ഈ സമ്പ്രദായത്തെ കുറിച്ച് മുൻസൂക്തത്തിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുണ്ട്. 'നസീഅ്' മതപരമായ ഒരു വിഷയമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. അല്ലാഹു ആദരണീയമായി നിശ്ചയിച്ച മാസങ്ങളെ അതല്ലാത്തതായും ആദരണീയമല്ലാത്ത മാസങ്ങളെ ആദരണീയ മാസമായും മാറ്റി മറിക്കുകയായിരുന്നല്ലോ അവർ. അതോടെ മതത്തിന്റെ സുപ്രധാന അനുഷ്ഠാനമായ ഹജ്ജിന്റെ സമയനിശ്ചയവും ലംഘിക്കപ്പെടുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു പ്രമാണത്തിന്റെയും പിന്തുണയില്ലാതെയായിരുന്നു ഈ നടപടികൾ. 31-ാം സൂക്തത്തിൽ സൂചിപ്പിച്ച മതപുരോഹിതന്മാരുടെയും പണ്ഡിതന്മാരുടെയും റബ്ബുകളാകൽ സംഭവിക്കുന്ന ഒരു രീതിയാണിത്.

അല്ലാഹു കൽപിച്ച ചില നിയമങ്ങൾ ഭേദഗതി ചെയ്ത് സ്വന്തം നിലയിൽ നിയമങ്ങളാവിഷ്കരിക്കാൻ മതനേതാക്കൾക്കും പുരോഹിതന്മാർക്കും അധികാരമുണ്ടെന്ന സങ്കൽപമാണ് നസീഇന്റെ അടിസ്ഥാനം. കിനാന ഗോത്രത്തിന്റെ നേതാക്കളായിരുന്നു നസീഅ് പ്രഖ്യാപിക്കാൻ അധികാരമുള്ളവരെന്ന് അതുസംബന്ധിച്ച ചരിത്ര നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നു. കിനാനയുടെ നേതാക്കളിലൊരാൾ ഹജ്ജ് കാലത്ത് മിനായിൽ ജനങ്ങൾക്കിടയിൽ എഴുന്നേറ്റുനിന്ന് പ്രസ്താവിക്കും: "പക്ഷപാ

തിത്വവും മറ്റു അന്യായങ്ങളും ആരോപിക്കപ്പെടാത്തവനാണ് ഞാൻ. എന്റെ വിധി തള്ളപ്പെടുന്നതല്ല." അപ്പോൾ ജനങ്ങൾ പറയും: "താങ്കൾ പറഞ്ഞത് തികച്ചും സത്യം തന്നെ. മുഹർറം മാസത്തിന്റെ ആദരണീയത അങ്ങ് ഞങ്ങൾക്ക് പിന്തിച്ചു തരേണം. മുഹർറമിലെ യുദ്ധ നിരോധം സ്വഫറിലേക്ക് മാറ്റി നിശ്ചയിച്ചു തരിക" അതനുസരിച്ച് അദ്ദേഹം മുഹർറത്തിന്റെ ദിനം സഫറിന്ന് നിശ്ചയിച്ച് മുഹർറത്തെ യുദ്ധം അനുവദിക്കപ്പെട്ട മാസമായി പ്രഖ്യാപിക്കുന്നു. ഇത് സ്പഷ്ടമായും അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും അനുവദനീയമാക്കിയതിനെ നിഷിദ്ധമാക്കലുമാകുന്നു. മുഹർറം, സ്വഫർ മാസങ്ങൾ പരസ്പരം മാറ്റി നിശ്ചയിച്ചുകൊണ്ടായിരുന്നു നസീഇന്റെ തുടക്കം. പിന്നീട് നസീഅ് എന്ന പേരിൽ മറ്റെല്ലാ മാസങ്ങളും ഇങ്ങനെ മാറ്റാൻ തുടങ്ങി. എല്ലാ മാസത്തിന്റെയും പേരും കാലവും വ്യത്യാസപ്പെട്ടു എന്നതാണ് അതിന്റെ ഫലം. ഈ വ്യത്യാസം സമയബന്ധിതമായ സകല അനുഷ്ഠാനങ്ങളെയും കീഴ്മേൽ മറിച്ചു. ചില സന്ദർഭങ്ങളിൽ നസീഅ് അതാവശ്യമുള്ള ഗോത്രങ്ങൾക്കു മാത്രമായും പ്രഖ്യാപിക്കപ്പെട്ടിരുന്നത്രെ. അപ്പോൾ ഒരു ഗോത്രത്തിന് ഹറാമായ മാസം മറ്റു ചില ഗോത്രങ്ങൾക്ക് സാധാരണ മാസമായിരിക്കും.

ആത്മീയമായ പോഷകങ്ങളും ഔഷധങ്ങളുമാണ് ആരാധനാനുഷ്ഠാനങ്ങൾ. ഔഷധങ്ങൾ നിശ്ചിത സമയത്ത് ഉപയോഗിച്ചാലേ ഫലപ്രദമാകൂ. സമയം തെറ്റിയുള്ള ഔഷധ പ്രയോഗം ഫലപ്രദമാവുകയില്ല, എന്നു മാത്രമല്ല ചിലപ്പോൾ വിപരീത ഫലമുളവാക്കുകയും ചെയ്യും. രാവിലെ വെറുംവയറ്റിൽ കഴിക്കേണ്ട ഗുളികക്കുപകരം ഉച്ച ഭക്ഷണത്തിനു ശേഷം കഴിക്കേണ്ട ലേഹ്യം കഴിച്ചാൽ രണ്ടു മരുന്നുകളുടെയും ഫലം നഷ്ടപ്പെടുന്നു. ഇതേ പ്രകാരം തന്നെയാണ് റമദാനിൽ അനുഷ്ഠിക്കേണ്ട വ്രതം ദുൽഹജ്ജിലും ദുൽഹജ്ജിൽ അനുഷ്ഠിക്കേണ്ട ഹജ്ജ് റമദാനിലും അനുഷ്ഠിച്ചാലുണ്ടാകുന്നത്.

യുദ്ധം നിഷിദ്ധമായ മാസത്തിൽ യുദ്ധംചെയ്യുന്നത് ഒരു കുഫ്റ്; അത് യുദ്ധം അനുവദിക്കപ്പെട്ട മാസമാക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്ന നിലപാട് ആ കുഫ്റിന്റെ പോഷണവും. അതാണ് 'നസീഅ് കുഫ്റിൽ ഒരു പോഷണമാണ്' എന്ന വാക്യത്തിന്റെ താൽപര്യം. മറ്റൊരു വ്യാഖ്യാനം ഇതാണ്: ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയുമാണ് അടിസ്ഥാനപരമായ സത്യനിഷേധവും ധർമധ്വംസനവും. ആ കുഫ്റിനെ പോഷിപ്പിക്കുന്ന നടപടികളിലൊന്നു മാത്രമാകുന്നു നസീഅ്. രണ്ടു വ്യാഖ്യാനവും സംഗതമാകുന്നു.

'സത്യനിഷേധികൾ അതുവഴി കൂടുതൽ വഴിതെറ്റിക്കപ്പെടുന്നു' എന്ന് തർജമ ചെയ്തിട്ടുള്ളത് يُضَلُّ بِهِ ٱلَّذِينَ كَفَرُوا۟ എന്ന വാക്യത്തെയാണ്. 'സത്യനിഷേധികൾ അതുവഴി വഴിതെറ്റിക്കപ്പെടുന്നു' എന്നാണ് നേർ തർജമ. കുഫ്റ് എന്ന മാർഗഭ്രംശം അവരിൽ നേരത്തെയുണ്ട്. നസീഅ് ആ മാർഗഭ്രംശത്തിന്റെ മുന്നേറ്റമാണ്. നസീഅ് കുഫ്റിൽ വർധനവ് മാത്രമാണ് എന്നതിന്റെ മറ്റൊരു ഭാഷ്യമാണിത്. നസീഅ് വഴി തങ്ങൾക്ക് അല്ലാഹു ആദരണീയമാക്കിയ മാസങ്ങൾ എണ്ണം തികച്ച് ദൈവധിക്കാരത്തിൽനിന്നും മാർഗച്യുതിയിൽനിന്നും സുരക്ഷിതരാകാം എന്നാണവരുടെ വിചാരം. വാസ്തവത്തിൽ അല്ലാഹുവിന്റെ അധികാരത്തിൽ കൈകടത്തുന്നതിലൂടെ കൂടുതൽ ഗുരുതരമായ മാർഗച്യുതിയിലകപ്പെട്ടിരിക്കുകയാണവർ.

يُحِلُّونَهُۥ عَامًا .......... مَا حَرَّمَ ٱللَّهُ എന്ന വാക്യം നസീഅ് കുഫ്റിന്റെ പോഷണമായിത്തീരുന്നു എന്നതിന്റെ ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുകയാണ്. നസീഇന്റെ അപഹാസ്യതയെയും അത് സൂചിപ്പിക്കുന്നു. അല്ലാഹു ആദരണീയമാക്കിയ മാസങ്ങൾ മാത്രമാണ് യഥാർഥത്തിൽ ആദരണീയങ്ങളായിട്ടുള്ളത്. അത് കൂട്ടാനോ കുറക്കാനോ പകരം വെക്കാനോ പറ്റില്ല. മാസങ്ങളുടെ ആദരണീയത നീട്ടിവെക്കുകയോ മാറ്റിവെക്കുകയോ ചെയ്യുന്നതിലൂടെ, ഒരു വശത്ത് അല്ലാഹു ആദരിക്കാൻ കൽപിച്ചത് അനാദരിക്കപ്പെടുന്നു. മറുവശത്ത് അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയവും അനുവദനീയമാക്കിയതിനെ നിഷിദ്ധവുമാക്കുന്നു. زُيِّنَ لَهُمْ سُوٓءُ أَعْمَٰلِهِمْ ۗ (അവരുടെ ദുഷ്ചെയ്തികൾ അവർക്ക് ഭൂഷണമാക്കപ്പെട്ടിരിക്കുന്നു) എന്നതിന്റെ താൽപര്യം ഇത്തരം കർമങ്ങളൊക്കെ ചെകുത്താൻ അവർക്ക് വളരെ നല്ല നടപടികളായി തോന്നിക്കുന്നു എന്നാണെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. അതായത് അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കുകയും ഹലാലാക്കിയതിനെ ഹറാമാക്കുകയും ചെയ്തുകൊണ്ട്, തങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും ആരാധിക്കുകയുമാണ് എന്ന് വിചാരിക്കാൻ കഴിയുന്നത് ചെകുത്താന്റെ സ്വാധീനം മൂലമാണ്. ഏകനായ അല്ലാഹുവിനെ നിഷേധിക്കുകയും കൃത്രിമമായ ബഹുദൈവവങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നതിനാൽ ഇത്തരം ദൈവധിക്കാര നടപടികൾ അവർക്ക് സൽക്കർമങ്ങളായി തോന്നുന്നു എന്നുമാവാം ആശയം. അല്ലാഹുവിന്റെ വിധിവിലക്കുകളിൽ ഈവിധം നഗ്നമായി കൈകടത്തുകയും അവൻ നിശ്ചയിച്ച സംവിധാനങ്ങളെ താറുമാറാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ സന്മാർഗം പ്രാപിക്കുകയില്ല. അവർ ഒരിക്കലും തങ്ങളുടെ ലക്ഷ്യത്തിലെത്തുകയുമില്ല. ■